# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 09/2024
# 02.11.2024 എ.കെ.ജി.സി.ടി. ഭവൻ തിരുവനന്തപുരം

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജന.സെക്രട്ടറി റിപ്പോർട്ട്
4. ജില്ലാ റിപ്പോർട്ട്
5. വയനാട് ദുരിതാശ്വാസ ഫണ്ട്
6. സംസ്ഥാന പ്രവർത്തക ക്യാമ്പ്
7. ഐഫെക്ടോ, എഫ്.എസ്.ഇ.ടി.ഒ പ്രക്ഷോഭം
8. മറ്റ് ആവശ്യമായ കാര്യങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ഗീതാനമ്പ്യാർ എം. കെ., സന്തോഷ് ടി. വർഗീസ്, ഡോ. വിനു ഭാസ്കർ, ഡോ. പ്രിൻസ് പി. ആർ., ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി., ശശി സി. ടി., ഡോ.എസ്.എസ്.വിവേകാനന്ദൻ ,ഡോ. എ. ബാലകൃഷ്ണൻ, ഡോ. ഗായത്രിദേവി ജി., ഡോ. ആർ. പ്രഗാഷ്, ഡോ. സുമി ജോയി ഓലിയപ്പുറം, ഡോ. റിജുലാൽ ജി., ഡോ.രജിത സി. ആർ., ഡോ. സുശാന്ത് പി., ഡോ. സഞ്ജയ് എസ്., ഡോ. ദിനേശൻ പി.കെ., സോബിൻ വർഗീസ് എം. വി., ഡോ. ബേബി ഷീബ സി. പി., സജിത്ത് കുമാർ പി., ഡോ. മനോ മോഹൻ ആന്റണി, ഡോ. സുനിൽ രാജ് എൻ. വി., ഡോ. അഗസ്റ്റിൻ എൻ.ജെ , സജീവ് യു. എസ്., ആൽബർട്ട് ആൻറണി ടി., ബ്രിജേഷ് എൻ. എസ്., ഡോ. സി. വി. ഷാജി, ഡോ. ശരത്ത് എസ്., ഡോ. ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. അജി. പി. എൽ., ഡോ. വിഷ്ണു വി. എസ്., ഡോ. സുനിത ഗണേഷ്, ഡോ. എം. എ. അസ്കർ, ഡോ. റോസ് നിക്സ് പി.കെ., ജയരാജ് ജെ., ഡോ.ഉദയകുമാർ പി, ഡോ. മുഹമ്മദ് ബഷീർ ടി., ഡോ. സുകുമാരൻ എം., ഡോ. ചന്ദ്രമോഹൻ.കെ.ടി.

രാവിലെ 10 മണിക്ക് ചേർന്ന സംസ്ഥാന പ്രവർത്തക സമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ.എൻ.മനോജ് ആധ്യക്ഷ്യം വഹിച്ചു.സംസ്ഥാന ട്രഷറർ ഡോ.എം.കെ ഗീതാ നമ്പ്യാർ അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

വിപ്ലവഗായികയും ആദ്യകാല സിനിമാ-നാടക പിന്നണി ഗായികയുമായ മച്ചാട്ട് വാസന്തി, കേരള സാഹിത്യ അക്കാദമി മുൻ വൈസ് പ്രസിഡണ്ടും കേരള കലാമണ്ഡലം മുൻ സെക്രട്ടറിയും എഴുത്തുകാരനുമായ ബാലചന്ദ്രൻ വടക്കേടത്ത്, പ്രശസ്ത ചലച്ചിത്രസംയോജകൻ നിഷാദ് യൂസഫ്, ശ്രേഷ്ഠകാതോലിക്ക അഭിവന്ദ്യ ബസേലിയോസ് തോമസ് പ്രഥമൻ ബാവ എന്നിവരുടെ നിര്യാണത്തിൽ എ.കെ.ജി.സി.ടി സംസ്ഥാന സമിതി യോഗം അനുശോചനം രേഖപ്പെടുത്തി.

തുടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് ടി. റിപ്പോർട്ട് അവതരിപ്പിച്ചു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

വയനാട് ദുരിതാശ്വാസ നിധി ആയി സംഘടന സമാഹരിച്ച നാൽപ്പത്തിരണ്ട് ലക്ഷത്തി തൊണ്ണൂറായിരവും സംഘടനയുടെ ഫണ്ടിൽ നിന്ന് ആറു ലക്ഷത്തി പതിനായിരവും ചേർത്ത് അൻപത് ലക്ഷം രൂപാ നവംബർ ഒന്നിന് മുഖ്യമന്ത്രിക്ക് കൈമാറി. ബാക്കി തുക സമാഹരണം എത്രയും വേഗം പൂർത്തീകരിക്കണം. മുഖ്യമന്ത്രിയുടെ സാലറി ചലഞ്ചിൽ 79% സർക്കാർ കോളേജ് അധ്യാപകർ പങ്കെടുത്തു. ജൂലൈയിൽ പ്ലെയ്സ്മെന്റിന് അപേക്ഷ സമർപ്പിച്ചവരുടെ സ്ക്രീനിംഗ് നടപടികൾ നവംമ്പർ 11 മുതൽ 20 വരെ യൂണിവേഴ്സിറ്റി കോളേജിൽ വെച്ച് നടത്തുന്നതാണ്.മ്യൂസിക് കോളേജ് അധ്യാപകരുടെ സർവ്വീസ് വിഷയങ്ങൾ പഠിക്കുന്നതിനായുള്ള കമ്മറ്റി രൂപീകരിച്ച് എത്രയും വേഗം ഉത്തരവ് പുറത്തിറങ്ങുന്നതാണ്. പ്രിൻസിപ്പൽ നിയമനം എത്രയും വേഗം നടത്തുവാൻ ആവശ്യമായ ഇടപെടൽ സംഘടന നടത്തുന്നതാണ്. എയ്ഡഡ് സർവ്വീസ് അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ പ്രൊമോഷനിൽ ഉൾപ്പെടെ പരിഗണിക്കുന്ന വിഷയം, പി.എച്ച്.ഡി അഡ്വാൻസ് ഇൻക്രിമെന്റ് തിരിച്ചുപിടിക്കുന്ന വിഷയം എന്നിവയിൽ സംഘടന വേണ്ട ഇടപെടൽ നടത്തിവരുന്നു.നാലു വർഷ യു.ജി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സംഘടന ഒക്ടോബർ മാസം 18ന്, ഇത് പരിഹരിക്കുന്നതിനായി സർക്കാർ ചുമതലപ്പെടുത്തിയ സമിതിയുമായി ചർച്ച നടത്തുകയുണ്ടായി. കേന്ദ്രസർക്കാരിന്റെ തെറ്റായ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ ഐഫെക്ടോയുടെ നേതൃത്വത്തിലുള്ള പ്രക്ഷോഭ പരിപാടികൾ സംസ്ഥാനത്ത് കേരള സർവകലാശാല ഒഴിച്ച് മൂന്ന് സർവകലാശാല മേഖലകളിൽ നല്ല രീതിയിൽ സംഘടിപ്പിക്കുകയുണ്ടായി. നവംബർ 19ന് ഡൽഹിയിൽ നടക്കുന്ന പാർലമെന്റ് മാർച്ചിൽ സംഘടനയുടെ സംസ്ഥാന ഭാരവാഹികളും, സിൻഡിക്കേറ്റ് അംഗങ്ങളും ഉൾപ്പടെ 13 പേർ പങ്കെടുക്കുന്നതാണ്. സംസ്ഥാന പ്രവർത്തന ക്യാമ്പ് കോഴിക്കോട് ജില്ലയിൽ ആണ് സംഘടിപ്പിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കണം. കേരള നോളജ് മിഷന്റെ പ്രവർത്തനങ്ങൾ ജില്ലകളിൽ നല്ല രീതിയിൽ സംഘടിപ്പിക്കുന്നതിന് ആവശ്യമായ സഹകരണം സംഘടനയുടെ ഭാഗത്ത് നിന്ന് ഉണ്ടാവണം. എകെജിസിടി അക്കാദമിക് ജേർണലിന് കെയർ ലിസ്റ്റ് അനുമതി ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനു വേണ്ടി സർവ്വകലാശാലകൾക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഇപ്പോൾ അത് യു.ജി.സിയുടെ പരിഗണനയിലുണ്ട്.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാ റിപ്പോർട്ടിംഗും, അജണ്ടകളിന്മേലുള്ള വിശദമായ ചർച്ചകൾക്കും ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. സംഘടനയുടെ വയനാട് ദുരിതാശ്വാസ നിധി സമാഹരണം ഈ നവംബർ 10നകം പൂർത്തീകരിച്ച് തുക സംസ്ഥാന സമിതിക്ക് കൈമാറണം, പത്താം തീയതിയോടെ ഫണ്ട് സമാഹരണം അവസാനിപ്പിക്കുന്നതാണ്.

2. പ്രിൻസിപ്പൽ നിയമനം, എയ്ഡഡ് കോളേജ് സർവീസ് പ്രമോഷന് പരിഗണിക്കുന്ന വിഷയം, പി.എച്ച്.ഡി അഡ്വാൻസ് ഇൻക്രിമെന്റ് വിഷയത്തിൽ വേണ്ട ഇടപെടൽ നടത്തുന്നതാണ്.
3. സംഗീത കോളേജ് അധ്യാപകരുടെ സർവീസ് വിഷയങ്ങൾ പഠിക്കാനുള്ള കമ്മറ്റിയുടെ ഉത്തരവ് ഇറക്കാൻ ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്.
4. എൻ.സി.സി. ഫണ്ട് വിഷയത്തിൽ സർക്കാരിന് വീണ്ടും കത്ത് നൽകുന്നതാണ്.
5. സ്പെഷ്യൽ റൂൾസ് ഭേദഗതി എത്രയും വേഗം നടപ്പാക്കുവാൻ കത്ത് നൽകും.
6. നവംബർ 30, ഡിസംബർ 1 തീയ്യതികളിൽ കോഴിക്കോട് വെച്ച് മികച്ച രീതിയിൽ സംഘടനയുടെ സംസ്ഥാന പ്രവർത്തക ക്യാമ്പ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. പ്രവർത്ത ക്യാമ്പിൽ ജില്ലയിൽ നിന്നും പങ്കെടുക്കേണ്ട അംഗങ്ങളുടെ എണ്ണം സംസ്ഥാനതലത്തിൽ തീരുമാനിച്ച് നൽകുന്നതാണ്.
7. വർക്ക് ലോഡ് വിഷയത്തിൽ ഉത്തരവ് ഇറക്കാൻ ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

യോഗം വൈകുന്നേരം 4 മണിക്ക് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
02-11-2024

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി